ഫയൽ നം : SSG 1/250/2020-TC തീയതി : 27-07-2024

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് , തൈക്കാട് പി.ഒ തിരുവനന്തപുരം - 695 014
ഇ-മെയിൽ : tcoffice.mvd@kerala.gov.in |വെബ്: www.mvd.kerala.gov.in |☎ :0471- 2333317

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
മോട്ടോർ വാഹന വകുപ്പ്, കേരളം

സ്വീകർത്താവ്

1. എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർക്കും.
2. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.
3. എല്ലാ ജോയിൻറ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.
4. എല്ലാ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്കും. (ചെക്ക് പോസ്റ്റുകൾ).

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് - SSG - മോട്ടോർ വാഹന ചെക്ക് പോസ്റ്റുകൾ പൂർണ്ണമായും ക്യാഷ്‌ലെസ്സ് ആക്കുന്നത് -സംബന്ധിച്ച്.

സൂചന :-

1. സർക്കാർ ഉത്തരവ് 40/2024/Fin dated 28-06-2024.
2. അസിസ്റ്റൻറ് ട്രാൻസ്പോർട്ട് കമ്മീഷണറുടെ നിവേദനം 01-07-2024.
3. ഈ ഓഫീസിൽ നിന്നുമുള്ള 25-07-2024 തിയതി ഇതേ നമ്പർ നിർദ്ദേശങ്ങൾ.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.സൂചന മൂന്ന് പ്രകാരം പുറപ്പെടുവിച്ച നിർദ്ദേശത്തിലെ വിഷയത്തിൽ പിഴവ് സംഭവിച്ചതിനാൽ 25-07-2024 തീയതി പുറപ്പെടുവിച്ച ഇതേ നമ്പർ നിർദ്ദേശം അസാധു ആക്കുകയും ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു.

സൂചന ഒന്ന് പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ സർക്കാർ സ്ഥാപനങ്ങളിൽ QR code / UPI വഴി പണം സ്വീകരിക്കാം എന്ന് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു. സംസ്ഥാന സർക്കാരിൻ്റെ ക്യാഷ് ലെസ്സ് ചെക്ക്പോസ്റ്റുകൾ എന്ന ആശയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി, മോട്ടോർ വാഹന വകുപ്പിൻ്റെ 19 ചെക്ക്പോസ്റ്റുകളിലും രണ്ടു ഇ പോസ് മെഷീനുകൾ വീതം നൽകിയിട്ടുണ്ട്. കാർഡ് പേയ്മെന്റ് കൂടാതെ Q R കോഡ് സ്കാൻ ചെയ്തു ഡിജിറ്റൽ പേയ്മെൻ്റ് ഉൾപ്പെടെയുള്ള പേയ്മെന്റ് സംവിധാനങ്ങൾ ഉള്ള പുതിയ തരം ഇ പോസ് മെഷീൻ ആണ് ചെക്ക് പോസ്റ്റുകളിൽ നൽകിയിരിക്കുന്നത്.

ആയതിനാൽ ഇനി മുതൽ ചെക്ക്പോസ്റ്റുകളിൽ ഇ ചലാൻ വഴി മാത്രമേ മോട്ടോർ വാഹന നിയമലംഘനങ്ങൾക്കു കേസെടുക്കാവു എന്നും സ്മാർട്ട് മൂവ് വഴി കേസുകൾ എടുക്കുവാൻ പാടില്ല എന്നും നിർദ്ദേശിക്കുന്നു. ഇ ചലാൻ വഴി പരമാവധി ഡിജിറ്റൽ ട്രാൻസാക്ഷൻ നടത്തേണ്ടതാണ്.

Signed by
Manojkumar K
Date: 27-07-2024 08:27:10

വിശ്വസ്തതയോടെ,

K MANOJKUMAR
JOINT TRANSPORT COMMISSIONER & SECRETARY STA

പകർപ്പ് :-
CA to ട്രാൻസ്പോർട്ട് കമ്മീഷണർ.
CA to ജോയിൻറ് ട്രാൻസ്പോർട്ട് കമ്മീഷണർ .
CA to സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ.
CA to അസിസ്റ്റൻ്റ് ട്രാൻസ്പോർട്ട് കമ്മീഷണർ.

മോട്ടോർ വാഹന വകുപ്പ്, കേരളം